# കേരള സർക്കാർ
## സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് - ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികൾക്ക് നൽകിയ 30,000/- രൂപ ശ്രീമതി റോസമ്മയ്ക്കും, ശ്രീ വി.സി. രാജാജിയ്ക്കും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും പുനരധിവാസവും (ആർ) വകുപ്പ്**

സ.ഉ. (സാ:) നം. 772/05/തൊഴിൽ തീയതി, തിരുവനന്തപുരം 29-3-2005

---

പരാമർശം : 1) ലേബർ കമ്മീഷണറുടെ 5.5.2004 ലെ ഐ5-27246/03 നമ്പർ കത്ത്.
2) 10-8-04 ലെ 2118/04/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്
3) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടറുടെ 17.2.05 സി/556/03 നമ്പർ കത്ത്

ഉത്തരവ്

ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികൾക്ക് സർക്കാർ അനുവദിച്ച പുനരധിവാസ ധനസഹായമായ 30,000/- രൂപാ വീതം ധനസഹായം യഥാസമയം കൈപ്പറ്റാതെ മരണമടഞ്ഞ സെൽവമുത്തുവിന്റെ ഭാര്യയും നോമിനിയുമായ ശ്രീമതി റോസമ്മയ്ക്കും മുൻ ചാരായ തൊഴിലാളിയായ ശ്രീ വി.സി. രാജാജിയ്ക്കും 2230-01-103-83 ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട അബ്കാരി തൊഴിലാളികൾക്ക് താൽക്കാലിക ധനസഹായം (നോൺ പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ചു നൽകുന്നതിനായി ഭരണാനുമതി നൽകി പരാമർശം രണ്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. പ്രസ്തുത തുക ബോർഡിന്റെ ഫണ്ട് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം മൂന്നിലെ കത്ത് പ്രകാരം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേല്പറഞ്ഞ ശീർഷകത്തിൽ ഉപധനാഭ്യർത്ഥനയിൽ 60,000/- രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിക്കഴിഞ്ഞതും ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചതുമായ 60,000/- രൂപ അനുവദിച്ചുകൊണ്ടും ഈ തുക പിൻവലിച്ച കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന് കൈമാറാൻ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ തുക അടിയന്തിരമായി പിൻവലിച്ച് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനു കൈമാറാൻ ലേബർ കമ്മീണഷർ നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.എസ്. ഗിരിജ

ജോയിന്റ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം
ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്/ഡി.ബി.സെൽ) കേരളം തിരുവനന്തപുരം
ധനകാര്യ വകുപ്പ് (28-3-05 ലെ 32119/എച്ച് ആന്റ് എൽ.എ1/05/ധന. നമ്പർ കുറിപ്പ്)
പി.ആർ.ഡി (വെബ് പോർട്ടൽ) സെക്രട്ടറിയേറ്റ് അനക്സ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി